പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3246 | 20.06.2014 ൽ മറുപടിയ്ക്ക് |
|---|---|
| ജെൻഡർ പാർക്ക് | |
| ചോദ്യം | ഉത്തരം |
| ശ്രീ. ആർ. സെൽവരാജ്<br>,, വർക്കല കഹാർ<br>,, കെ. മുരളീധരൻ<br>,, വി. സി. വിഷ്ണുനാഥ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് വെള്ളിമാട്കുന്നിൽ ഇതിന്റെ പ്രാരംഭഘട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 6.60 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. വനിതകളുടെ സാമ്പത്തിക, സാമൂഹിക പുരോഗതിയ്ക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ കോഴിക്കോട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 24 ഏക്കർ സ്ഥലത്തായിരിക്കും ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുക. ഇത് കൂടാതെ ക്യാമ്പസിനു പുറത്തുള്ള വിവിധ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി)ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) സാമൂഹ്യനീതി വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത, പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) കോഴിക്കോട് നിലവിൽ വരുന്ന ജെൻഡർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി കോഴിക്കോട് ആസ്ഥാനമായുള്ള സ്പെയ്സ് ആർട്ട് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ രൂപരേഖ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പരിപാടികളിൽ ആദ്യത്തേതായി വനിതാ യാത്രക്കാർക്ക് വേണ്ടി വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകൾ ഓടിക്കുന്നതുമായ 'ഷീ-ടാക്സി' പദ്ധതി തിരുവനന്തപുരത്തും എറണാകുളത്തും തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ